പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2097 13.06.2019-ൽ മറുപടിക്ക്

**മേലാറ്റൂർ പി.എച്ച്.സി. യിൽ മുഴുവൻ സമയ ഡോക്ടറുടെ സേവനം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രി) |
| (എ) പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിലെ മേലാറ്റൂർ പി.എച്ച്.സി. യിൽ മുഴുവൻ സമയ ഡോക്ടറുടെ സേവനം ലഭ്യമല്ലാത്തതുകൊണ്ട് രോഗികൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും (സി) യും മേലാറ്റൂർ സി.എച്ച്.സി യിൽ ഡോക്ടർമാരായി ഒരു സിവിൽ സർജൻ, രണ്ട് അസിസ്റ്റന്റ് സർജൻ എന്നീ തസ്തികകൾ ആണ് നിലവിലുള്ളത്. അനുവദനീയ മുഴുവൻ തസ്തികയിലും നിയമനം നടത്തിയിട്ടുണ്ട്. കൂടാതെ എൻ.എച്ച്.എം വ്യവസ്ഥയിലും ഒരു ഡോക്ടർ സേവനം അനുഷ്ഠിക്കുന്നുണ്ട്. |
| (ബി) പ്രസ്തുത ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തെങ്കിലും ശിപാർശകൾ ആരോഗ്യവകുപ്പ് ഡയറക്ടർ സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നാളിതുവരെ പ്രസ്തുത പ്രശ്നപരിഹാരത്തിനുള്ള നടപടി സ്വീകരിക്കാത്തതിന് എന്തെങ്കിലും വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | |
| (സി) മേലാറ്റൂർ പി.എച്ച്.സി യിൽ മുഴുവൻ സമയ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകുമോ? | |

സെക്ഷൻ ഓഫീസർ